


1

# ഇന്ത്യൻ സംസ്ഥാനങ്ങളും പ്രത്യേകതകളും

**എല്ലാ പരീക്ഷകളിലും സ്ഥാനം പിടിക്കുന്ന ചോദ്യമാണ് ഏതെങ്കിലും സംസ്ഥാനങ്ങളുടെ പ്രത്യേകത അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ. അത്തരം വസ്തുതകളെ സമഗ്രമായി പരിചയപ്പെടുത്തുന്നതിന്റെ ആദ്യ ഭാഗമാണിത്.**

ആർ.സി.സുരേഷ്കുമാർ rcsk1234@gmail.com 9447006221

PSCHUNT

## ആന്ധ്രാപ്രദേശ്

* കോഹിനൂർ ഓഫ് ഇന്ത്യ എന്നു വിശേഷിപ്പിക്കപ്പെടുന്ന സംസ്ഥാനം (ആന്ധ്രാപ്രദേശ് വിനോദ സഞ്ചാര വകുപ്പിന്റെ പരസ്യവാക്യമാണിത്)
* തെക്കേ ഇന്ത്യയിൽ വിസ്തീർണത്തിൽ രണ്ടാം സ്ഥാനമുള്ള സംസ്ഥാനം.
* ഇന്ത്യയിൽ കടൽത്തീരത്തിന്റെ നീളത്തിൽ രണ്ടാം സ്ഥാനം (970 കി.മീ.)
* തെക്കേ ഇന്ത്യയിൽ കടൽത്തീരത്തിന്റെ നീളത്തിൽ ഒന്നാം സ്ഥാനം (970 കി.മീ).
* ഇന്ത്യയുടെ കിഴക്കൻ തീരത്ത് ഏറ്റവും കൂടുതൽ കടൽത്തീരമുള്ള സംസ്ഥാനം (ഏറ്റവും കൂടുതൽ കടൽത്തീരമുള്ള സംസ്ഥാനമായ ഗുജറാത്ത് പടിഞ്ഞാറ് ഭാഗത്താണ്).
* ഇന്ത്യയിലേറ്റവും കൂടുതൽ പുകയില ഉൽപാദിപ്പിക്കുന്ന സംസ്ഥാനം.
* ക്രൈസോലൈറ്റ് ആസ്ബസ്റ്റോസ് ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്ന ഇന്ത്യൻ സംസ്ഥാനം.
* ഇന്ത്യയുടെ മുട്ടപ്പാത്രം (എഗ്ഗ് ബൗൾ) എന്നറിയപ്പെടുന്ന സംസ്ഥാനം.
* പ്രസിഡന്റിനെയും പ്രധാനമന്ത്രിയെയും (നീലം സഞ്ജീവ റെഡ്ഡി, പി.വി. നരസിംഹറാവു) സംഭാവന ചെയ്ത ആദ്യ ദക്ഷിണേന്ത്യൻ സംസ്ഥാനം.
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ സിനിമാ പ്രദർശനശാലകളുള്ള സംസ്ഥാനം.
* ഇന്ത്യയിലെ സൈബർ സ്റ്റേറ്റ് എന്നറിയപ്പെടുന്ന സംസ്ഥാനം.
* ക്രിമിനലുകളുടെ ഡിഎൻഎ പ്രൊഫൈൽ ഉൾപ്പെടുത്തി ഡിഎൻഎ ഇൻഡക്സ് സിസ്റ്റം ആവിഷ്കരിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം (2016).




* 2017-ൽ നോ ഹെൽമറ്റ്-നോ പെട്രോൾ നിയമം പാസാക്കിയ സംസ്ഥാനം.

## അരുണാചൽ പ്രദേശ്

* ഇന്ത്യയിൽ ഇരുപത്തിനാലാമതായി രൂപംകൊണ്ട സംസ്ഥാനം.
* ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ തദ്ദേശീയ ഭാഷകളുള്ള സംസ്ഥാനം




* ഇന്ത്യയിലെ ഏറ്റവും കിഴക്കേയറ്റത്തെ സംസ്ഥാനം
* ഇന്ത്യൻസംസ്ഥാനങ്ങളിൽ ഏറ്റവും ജനസാന്ദ്രത കുറഞ്ഞത്
* വടക്കുകിഴക്കൻ ഇന്ത്യയിലെ സപ്തസോദരിമാർ എന്നറിയപ്പെടുന്ന ഏഴ് സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ വിസ്തീർണമുള്ളത്
* ഇന്ത്യയിൽ പ്രഭാത സൂര്യന്റെ കിരണങ്ങൾ ആദ്യം പതിക്കുന്ന സംസ്ഥാനം
* ഇന്ത്യയിലെ ഓർക്കിഡ് സംസ്ഥാനം
* ദേഹാങ്- ദിബാങ് ബയോസ്ഫിയർ റിസർവ് സ്ഥിതി ചെയ്യുന്ന സംസ്ഥാനം
* ബൊട്ടാണിസ്റ്റുകളുടെ പറുദീസ എന്നറിയപ്പെടുന്ന സംസ്ഥാനം
* നേച്ചേഴ്സ് പാരഡൈസ് എന്ന ഔദ്യോഗിക വിശേഷണമുള്ള സംസ്ഥാനം.
* ഇന്ത്യയിലെ 24-ാമത്തെ സംസ്ഥാനം (1987)
* വനവിസ്തൃതിയിൽ രണ്ടാം സ്ഥാനത്തുള്ള ഇന്ത്യൻ സംസ്ഥാനം (മധ്യപ്രദേശ് കഴിഞ്ഞാൽ).
* കേരളത്തെപ്പോലെ, വേഴാമ്പൽ സംസ്ഥാന പക്ഷിയായ മറ്റൊരു ഇന്ത്യൻ സംസ്ഥാനം.

## അസം

* വടക്കുകിഴക്കൻ ഇന്ത്യയിലെ ഏറ്റവും ജനസംഖ്യ കൂടിയ സംസ്ഥാനം
* ഇംഗ്ലീഷ് അക്ഷരമാലയിലെ ടി ('T')യുടെ ആകൃതിയിലുള്ള സംസ്ഥാനം




* ഇന്ത്യയുടെ ചായത്തോട്ടം എന്നറിയപ്പെടുന്ന സംസ്ഥാനം
* ദിബ്രു-സൈഖോവ ബയോസ്ഫിയർ റിസർവ് സ്ഥിതി ചെയ്യുന്ന സംസ്ഥാനം
* സ്വന്തം ഹൈക്കോടതിയുള്ള ആദ്യ വടക്കു കിഴക്കൻ സംസ്ഥാനമാണ് അസം.
* ശിശു സംരക്ഷണ ദിനം (Child Protection Day) ആചരിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം.
* സൗഖ്യവും സന്തോഷവും മാനദണ്ഡമാക്കി ഇന്ത്യയിൽ ആദ്യമായി ഗ്രോസ് നാഷണൽ ഹാപ്പിനെസ്സിന്റെ കണക്കെടുത്ത സംസ്ഥാനം.
* പാർലമെന്റ് പാസാക്കിയ ജി.എസ്.ടി. (ചരക്ക് സേവന നികുതി) ബിൽ റാറ്റിഫൈ ചെയ്ത ആദ്യ സംസ്ഥാനം (2016).
* ലാൻഡ് ഓഫ് റെഡ് റിവേഴ്സ് ആൻഡ് ബ്ലൂ ഹിൽസ് എന്നറിയപ്പെടുന്നത് അസം ആണ്.
* വടക്കുകിഴക്കൻ ഇന്ത്യയുടെ കവാടം എന്നറിയപ്പെടുന്ന സംസ്ഥാനമാണ് അസം.

## ബിഹാർ

* വിഹാരങ്ങളുടെ നാട് എന്ന് പേരിനർഥമുള്ള സംസ്ഥാനം (ബുദ്ധമത സന്യാസിമാരുടെ ഹോസ്റ്റലാണ് വിഹാരം. അവരുടെ ആരാധനാകേന്ദ്രമാണ് പഗോഡ, ചൈത്യ




എന്നിവ)

* 2011 ലെ സെൻസസ് പ്രകാരം ഏറ്റവും സാക്ഷരത കുറഞ്ഞ ഇന്ത്യൻ സംസ്ഥാനം
* 2011 ലെ സെൻസസ് പ്രകാരം സ്ത്രീ സാക്ഷരത ഏറ്റവും കുറഞ്ഞ ഇന്ത്യൻ സംസ്ഥാനം
* 2011 ലെ സെൻസസ് പ്രകാരം ഏറ്റവും ജനസാന്ദ്രത കൂടിയ ഇന്ത്യൻ സംസ്ഥാനം.
* സ്ത്രീകൾക്ക് തദ്ദേശഭരണ സ്ഥാപനത്തിൽ 50 ശതമാനം സീറ്റ് സംവരണം ചെയ്ത ആദ്യ സംസ്ഥാനം.
* സ്ത്രീകൾക്ക് സർക്കാർ സർവ്വീസിൽ 35% സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ച സംസ്ഥാനം (2016).
* ഇന്ത്യയിൽ ശതമാനാടിസ്ഥാനത്തിൽ ക്രിസ്ത്യാനികൾ ഏറ്റവും കുറവുള്ള സംസ്ഥാനം (എണ്ണത്തിൽ കുറവ് ഹിമാചലിൽ).
* ഫാറ്റ് ടാക്സ് ഏർപ്പെടുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനം-(2016 ജനുവരി)

## ഛത്തീസ്ഗഢ്

* ഇന്ത്യൻ യൂണിയനിലെ 26-ാമത്തെ സംസ്ഥാനമാണ് ഛത്തീസ്ഗഢ്. 2000 നവം




ബർ ഒന്നിന് നിലവിൽവന്നു.

* പ്രാചീനകാലത്ത്ദക്ഷിണകോസലം എന്നറിയപ്പെട്ടിരുന്ന സംസ്ഥാനം (ദണ്ഡകാരണ്യം എന്ന പേരിലും ഈ പ്രദേശം അറിയപ്പെട്ടിട്ടുണ്ട്)